# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8174 25.07.2012 - ൽ മറുപടിയ്ക്ക്

**കോഴിക്കോട് മെഡിക്കൽ കോളേജ് ഔട്ട്പേഷ്യന്റ് വിഭാഗത്തിൽ എത്തിച്ചേരുന്ന രോഗികളുടെ എണ്ണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് മെഡിക്കൽ കോളേജ് ഔട്ട്പേഷ്യന്റ് വിഭാഗത്തിൽ ദിവസവും എത്തിച്ചേരുന്ന രോഗികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഒ.പി. വിഭാഗത്തിൽ ദിവസേന ശരാശരി 4041 രോഗികളും മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ 715 രോഗികളും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചെസ്റ്റ് ഡിസീസസിൽ 220 രോഗികളും ചികിത്സക്കായി എത്തുന്നുണ്ട്. |
| (ബി) ഒ.പി.യിൽ വരുന്ന രോഗികൾക്കായി ആകെ ഒരു ടോയ് ലറ്റ് മാത്രമാണ് ഉള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) എങ്കിൽ പ്രസ്തുത രോഗികളുടെ ആവശ്യാനുസരണം ടോയ് ലറ്റ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) & (സി) | ഒ. പി. യിൽ വരുന്ന രോഗികൾക്കായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ 10 ടോയ് ലറ്റുകളും, മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ 6 ടോയ് ലറ്റുകളും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചെസ്റ്റ് ഡിസീസസിൽ 2 ടോയ് ലറ്റുകളും സജ്ജീകരിച്ചിട്ടുണ്ട്. |
| (ഡി) രോഗികൾ കിടക്കുന്ന വാർഡുകളിലും വരാന്തയിലും ബാത്ത്റൂമിലും ആവശ്യാനുസരണം വെളിച്ചം നൽകുംവിധം ലൈറ്റിംഗ് സംവിധാനം ഒരുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) | PWD ഇലക്ട്രിക്കൽ വിഭാഗം മുഖേന ബാത്ത്റൂമിലും, വാർഡുകളിലും ആവശ്യാനുസരണം ലൈറ്റിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്. മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ എച്ച്.ഡി.എസ്സിനു കീഴിലുള്ള ദിവസവേതനക്കാരായ ഇലക്ട്രീഷ്യൻമാരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ